(ഡി) ചിന്നാർ ചെക്ക് പോസ്റ്റിൽ നാലുപേർ ജോലി നോക്കുന്നുണ്ട്. അവരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

ഫോറസ്റ്റർ	-	1
ഫോറസ്റ്റ് ഗാർഡ്	-	3

നിലവിൽ ചെക്ക്പോസ്റ്റിൽ സ്റ്റാഫിന്റെ അപര്യാപ്തത ഇല്ല.

മാങ്കുളം ഇന്റർപ്രട്ടേഷൻ സെന്ററിന്റെ കെട്ടിടം

247(964) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാങ്കുളം ഇന്റർപ്രട്ടേഷൻ സെന്ററിന്റെ കെട്ടിടം എന്ന് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ; ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ ഇത് തുറക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

മാങ്കുളം ഡിവിഷന്റെ വിരിപാറയിൽ നേച്ചർ എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 2011 ഫെബ്രുവരിയിൽ തന്നെ ആയത് പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എം. എൻ. ലക്ഷംവീട് പദ്ധതി

248(955) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എം.എൻ. ലക്ഷംവീട് നിർമ്മാണത്തിന് വീട് ഒന്നിന് ജനറൽ വിഭാഗത്തിലും, എസ്.സി. വിഭാഗത്തിലും സർക്കാർ അനുവദിക്കുന്ന വിഹിതവും, ഇതര ഏജൻസികൾ അനുവദിക്കുന്ന വിഹിതവും എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതുപ്രകാരം ഒരു വീടിന്റെ നിർമ്മാണത്തിന് പരമാവധി വിനിയോഗിക്കാവുന്ന തുക ജനറൽ വിഭാഗത്തിലും, എസ്.സി. വിഭാഗത്തിലും എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) കെട്ടിട സാമഗ്രികളുടെ വില, ലേബർ ചാർജ്ജ് എന്നിവ വർദ്ധിച്ചത് കാരണം സർക്കാർ നിശ്ചയിച്ച തുകയ്ക്ക് എംഎൻ. ലക്ഷംവീട് പൂർത്തീകരിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ :

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എം.എൻ. ലക്ഷംവീട് പുനരുദ്ധാരണത്തിന് സർക്കാർ നിശ്ചയിച്ച തുകയ്ക്ക് പുറമേ വീട് ഒന്നിന് 50,000 രൂപ കൂടി എം.എൽ.എ. ഫണ്ടിൽ നിന്ന് വിനിയോഗിക്കാനുള്ള അനുമതിക്കായി നൽകിയ അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഇ) എം.എൻ. ലക്ഷംവീട് പദ്ധതിക്ക് വീട് ഒന്നിന് 50,000 രൂപ കൂടി എം.എൽ.എ. ഫണ്ടിൽനിന്ന് വിനിയോഗിക്കാനുള്ള പ്രത്യേക ഉത്തരവ് ഉടൻ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി സബ്സിഡിയുടെ 50% തുക സംസ്ഥാന സർക്കാർ വിഹിതവും 50% തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതവുമായിരുന്നു. എന്നാൽ 22-1-2011-ലെ (എംഎസ്) 5/2011/ഭവന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മുഴുവൻ സബ്സിഡി തുകയും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുവഴി നൽകാൻ ഉത്തരവായിട്ടുണ്ട്.

(ബി) ലക്ഷം വീട് നിവാസികൾ സമൂഹത്തിലെ ദരിദ്ര ജനവിഭാഗമാണ്. ലക്ഷം വീടുകളുടെ ശോച്യാവസ്ഥ മനസ്സിലാക്കിയാണ് എം.എൻ ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. സർക്കാർ നൽകുന്ന പരമാവധി സബ്സിഡി ജനറൽ വിഭാഗത്തിന് 75,000 രൂപയും എസ്.സി. വിഭാഗത്തിന് 1,00,000 രൂപയുമാണ്. വീടിന്റെ നിർമ്മാണത്തിന് വിനിയോഗിക്കാവുന്ന പരമാവധി തുക നിഷ്കർഷിച്ചിട്ടില്ല.

(സി) ഉണ്ട്. എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിയിലുൾപ്പെടെയുള്ള ഭവന നിർമ്മാണ പദ്ധതികൾക്ക് കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിതി കേന്ദ്രത്തിന്റെ കലവറകളിലൂടെ സൗജന്യ നിരക്കിൽ ബി.പി.എൽ. വിഭാഗക്കാർക്ക് നൽകി വരുന്നുണ്ട്. കൂടാതെ എം.എൽ.എ. മാർക്കുള്ള പ്രത്യേക വികസന ഫണ്ടിൽ നിന്നും ലക്ഷംവീട് കോളനികളുടെ പുനർനിർമ്മാണം പൂർത്തീകരിക്കുന്നതിന് ഫണ്ട് വിനിയോഗിക്കുന്നതിനും വ്യവസ്ഥയുണ്ട്. ജി.ഒ. (പി) 543/2004/ഫിൻ തീയതി 22-11-2004 പ്രകാരം.

(ഡി&ഇ) പെരിങ്ങളം ഗ്രാമ പഞ്ചായത്തിലെ രണ്ട് ലക്ഷംവീടു കോളനികളിലെ (കല്ലറക്കാട്, വട്ടക്കണ്ടി) 28 വീടുകൾ പൂർത്തീകരിക്കുന്നതിന് സർക്കാർ സബ്സിഡിക്ക് പുറമേ വീടൊന്നിന് 50,000 രൂപ കൂടി എം.എൽ.എ. ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി ഉത്തരവ് ഉണ്ടാകണമെന്ന പഞ്ചായത്ത് പ്രമേയം ശ്രീ. കെ. പി. മോഹനൻ എം.എൽ.എ. (പെരിങ്ങളം നിയോജക മണ്ഡലം) ശിപാർശ ചെയ്ത് സർക്കാരിന് സമർപ്പിച്ചത് പരിശോധിച്ചു വരികയാണ്. ഇക്കാര്യത്തിൽ ഉത്തരവു പുറപ്പെടുവിക്കേണ്ടത് ധനകാര്യ വകുപ്പാണ്.

LIBRARY ARCHIVES Kerala Legislative Assembly